പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2506 — 18-6-2014-ൽ മറുപടിക്ക്

## ജല അതോറിറ്റി കരാറുകാർക്കുള്ള കുടിശ്ശിക.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയിലെ കരാർ പണിക്കാർക്ക് ഏതു മാസം വരെ പൂർത്തിയാക്കിയ ജോലികൾക്കുള്ള തുകയാണ് നൽകിയിട്ടുള്ളതെന്നും ഇനി എത്ര തുക നൽകാനായി അവശേഷിക്കുന്നുണ്ട് എന്നും അറിയിക്കുമോ; | (എ) | പ്ലാൻ സ്കീമുകളിലെ കരാറുകാർക്ക് മാർച്ച് 2014 മുതലുള്ള ബില്ലുകൾക്ക് തുക നൽകാനുണ്ട്. വരൾച്ച ദുരിതാശ്വാസ പദ്ധതിയിലെ മെയിന്റനൻസ് കരാറുകാർക്ക് 2013-14 സാമ്പത്തിക വർഷത്തെ ഉൾപ്പെടെയുള്ള ബില്ലുകൾക്ക് തുക നൽകാനുണ്ട്. പദ്ധതി അടിസ്ഥാനത്തിലുള്ള വിവരം താഴെ ചേർക്കുന്നു. |

| | |
|---|---|
| 1. സംസ്ഥാനാവിഷ്കൃത പദ്ധതികൾ | - 31.28 കോടി രൂപ |
| 2. നബാർഡ് സഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ | - 17.80 കോടി രൂപ |
| 3. കേന്ദ്രാവിഷ്കൃത കുടിവെള്ള പദ്ധതികൾ (NRDWP) | - 34.63 കോടി രൂപ. |
| 4. വരൾച്ച ദുരിതാശ്വാസ പദ്ധതികൾ | - 6.70 കോടി രൂപ |
| 5. അറ്റകുറ്റ പണികൾ (O&M) | - 17.00 കോടി രൂപ |
| ആകെ | - 107.41 കോടി രൂപ |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വാട്ടർ അതോറിറ്റി കരാറുകാർക്ക് കൊടുത്തുതീർക്കുവാനായി എത്ര തുക കുടിശ്ശിക ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വാട്ടർ അതോറിറ്റി കരാറുകാർക്ക് ആകെ 38.14 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നു. |
| (സി) | കരാറുകാർക്ക് കുടിശ്ശികയുള്ള തുക എന്ന് കൊടുത്തു തീർക്കാനാവുമെന്ന് അറിയിക്കുമോ? | (സി) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കരാറുകാർക്ക് കുടിശ്ശിക തുക കൊടുത്തുതീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ